പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 1823 — 21.01.2014 - ൽ മറുപടിക്ക്

വൃദ്ധജനങ്ങളുടെയും അഗതികളുടെയും എണ്ണത്തിലുള്ള വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. കെ.എം. ഷാജി | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | വൃദ്ധജനങ്ങളുടെയും അഗതികളുടെയും എണ്ണത്തിലെ സ്വാഭാവിക വർദ്ധനയ്ക്കുപരിയായി അഗതി മന്ദിരങ്ങളിലും വൃദ്ധസദനങ്ങളിലും പ്രവേശിക്കപ്പെട്ടവരുടെ എണ്ണത്തിൽ അടുത്ത കാലത്ത് ക്രമാതീതമായ വർദ്ധന ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ അണുകുടുംബങ്ങൾ വർദ്ധിച്ചു വരുന്നതും നഗരവൽക്കരണവും ചെറുപ്പക്കാർ തൊഴിലിനായി ദൂരെയുള്ള നാടുകളിൽ കുടിയേറുന്നതും കൂടാതെ കേരളത്തെ സംബന്ധിച്ചിടത്തോളം കുറഞ്ഞ ശിശുജനന നിരക്കും കൂടിയ ആയുർദൈർഘ്യവും അഗതി വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണത്തിലുള്ള വർദ്ധനവിന് കാരണമെന്ന് കരുതുന്നു. |
| (ബി) | ആധുനിക ജീവിത സൗകര്യങ്ങൾ സാമൂഹ്യ കാഴ്ചപ്പാടിലും കുടുംബ ബന്ധങ്ങളിലും വരുത്തിയ ആശാസ്യമല്ലാത്ത ചില മാറ്റങ്ങൾ ഈ പ്രവണതയ്ക്ക് കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; | (ബി) | ആധുനിക ജീവിതവും ജീവിത സൗകര്യങ്ങളും മുതിർന്ന തലമുറയുടെ സാമൂഹിക കാഴ്ചപ്പാടിലും കുടുംബ ബന്ധങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രിയാത്മകമായി ഇടപ്പെടാൻ നിലവിലുള്ള The Maintenance and Welfare of Parents and Senior Citizens Act, 2007- ഉം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വയോജനനയം കൊണ്ടും കഴിയുന്നതാണ്. നിലവി |

| | | | |
|---|---|---|---|
| | | | ല്ലള്ള Pain & Palliative Service, Students Police Cadet തുടങ്ങിയ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലും തലമുറകൾ തമ്മിലുള്ള ആശാസ്യമല്ലാത്ത പ്രവണതകളെ ലഘൂകരിക്കുവാൻ ഉതകുന്നതാണ്. |
| (സി) | സംസ്ഥാനത്ത്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേതുൾപ്പെടെ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര അഗതി, വൃദ്ധസദനങ്ങളുണ്ടെന്നും, അവയിൽ 2013 നവംബറിലെ കണക്കു പ്രകാരം എത്ര അന്തേവാസികൾ ഉണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ? | (സി) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അഗതി വൃദ്ധസദനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണവും സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അഗതി വൃദ്ധസദനങ്ങളുടെ കണക്ക് (2013 നവംബറിൽ നിലവിലുള്ളത്)

| ക്രമ നമ്പർ | ജില്ല | ഓർഫനേജ് | | ഓൾഡ് ഏജ് ഹോം | |
|---|---|---|---|---|---|
| | | സ്ഥാപനങ്ങളുടെ എണ്ണം | അന്തേവാസികളുടെ എണ്ണം | സ്ഥാപനങ്ങളുടെ എണ്ണം | അന്തേവാസികളുടെ എണ്ണം |
| 1 | തിരുവനന്തപുരം | 97 | 3491 | 43 | 674 |
| 2 | കൊല്ലം | 53 | 1966 | 17 | 1443 |
| 3 | പത്തനംതിട്ട | 42 | 1321 | 23 | 701 |
| 4 | ആലപ്പുഴ | 39 | 1684 | 25 | 694 |
| 5 | ഇടുക്കി | 64 | 2027 | 27 | 1253 |
| 6 | കോട്ടയം | 105 | 3746 | 81 | 2710 |
| 7 | എറണാകുളം | 167 | 5699 | 112 | 2536 |
| 8 | തൃശ്ശൂർ | 127 | 5752 | 71 | 1908 |
| 9 | പാലക്കാട് | 96 | 4477 | 21 | 373 |
| 10 | മലപ്പുറം | 107 | 6718 | 6 | 106 |
| 11 | കോഴിക്കോട് | 72 | 4965 | 20 | 535 |
| 12 | വയനാട് | 45 | 2218 | 20 | 388 |
| 13 | കണ്ണൂർ | 83 | 2461 | 37 | 1202 |
| 14 | കാസർഗോഡ് | 36 | 2020 | 9 | 295 |
| | ആകെ | **1133** | **48545** | **512** | **14818** |

സെക്ഷൻ ഓഫീസർ